**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3129** **10.05.2017 ലെ മറുപടിയ്ക്ക്**

## സാമൂഹ്യനീതി വകുപ്പിൽ ആശ്രിത നിയമനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. കെ.ഡി. പ്രസേനൻ** | | **ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** | |
| (എ) | സാമൂഹ്യനീതി വകുപ്പിൽ ആശ്രിത നിയമനം നടത്തുന്നതിനുള്ള എത്ര അപേക്ഷകൾ ഇപ്പോൾ നിലവിലുണ്ട് എന്ന് വ്യക്തമാക്കുമോ; | (എ) | സാമൂഹ്യനീതി വകുപ്പിന് കീഴിൽ ആശ്രിത നിയമനം നടത്തുന്നതിനുള്ള 5 അപേക്ഷകൾ ഇപ്പോൾ സർക്കാരിൽ പരിഗണനയിലുണ്ട്. |
| (ബി) | ഏത് തീയതി വരെ അപേക്ഷിച്ചവർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ; | (ബി) | സാമൂഹ്യനീതി വകുപ്പിന് കീഴിൽ 30.03.2016 വരെ അപേക്ഷിച്ചവർക്ക് ആശ്രിത നിയമനം നൽകിയിട്ടുണ്ട്. |
| (സി) | വകുപ്പിൽ ആശ്രിത നിയമനത്തിനുള്ള മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ? | (സി) | റഗുലർ സർവീസിലുള്ള ജീവനക്കാരൻ/ജീവനക്കാരി മരണപ്പെട്ടാൽ പങ്കാളി, അവിവാഹിതനായ മകൻ, മകൾ (വിവാഹിതയെങ്കിൽ മരണ സമയത്ത് ആശ്രിതയായിരിക്കണം) എന്നിവർക്ക് ആശ്രിത നിയമനത്തിന് അപേക്ഷ നൽകാം. കുറഞ്ഞ പ്രായ പരിധി 18 ഉം ഉയർന്ന പ്രായ പരിധി നിയമന ചട്ടപ്രകാരവുമാണ്. ജീവനക്കാരൻ/ജീവനക്കാരി അവിവാഹിതരാണെങ്കിൽ അവരുടെ സഹോദരൻ/സഹോദരിയ്ക്ക് അപേക്ഷിക്കാം. ഈ വകുപ്പിന് മാത്രമായി ആശ്രിത നിയമനത്തിന് പ്രത്യേക മാനദണ്ഡങ്ങൾ ഇല്ല. സർക്കാരിന്റെ പൊതു മാനദണ്ഡങ്ങൾക്കനുസൃതമായാണ് ഈ വകുപ്പിലും ആശ്രിത നിയമനം നടത്തുന്നത്. |

സെക്ഷൻ ഓഫീസർ.